Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ 1/19**

# അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ് ദീപ്തമായ ഒരോർമ്മയായി തീർന്നിട്ട് ഈ വർഷം ജൂൺ 11-ാം തീയതി 25 വർഷം പൂർത്തിയാകുന്നു. പത്ത് വർഷത്തോളം ആലുവാ സെമിനാരിയിൽ പ്രൊഫസർ, 16 വർഷം എറണാകുളം അതിരൂപതാ സഹായമെത്രാൻ, വികാരി ജനറാൾ, അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ, താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ എന്ന നിലകളിലെല്ലാം അദ്ദേഹം നിർവഹിച്ച നിസ്തുല സേവനത്തിന്റെ ഒരോർമ്മക്കുറിപ്പാണ് ഈ സർക്കുലർ.

മങ്കുഴിക്കരി പിതാവ് ജനിച്ചത് എറണാകുളം അതിരൂപതയിൽപ്പെട്ട ചേർത്തലയ്ക്കടുത്തുള്ള തണ്ണീർമുക്കം ഇടവകയിൽ 1929 മാർച്ച് 2-നാണ്. നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം പെറ്റി സെമിനാരിയിലും തുടർന്ന്, ആലുവാ സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി 1955 മാർച്ച് 12-ാം തീയതി വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അസിസ്തേന്തിയായി സേവനമനുഷ്ഠിച്ചുവരവെ ഉപരിപഠനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടു. തുടർന്ന്, അദ്ദേഹം റോമിൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ പഠിച്ച് സ്വർണ്ണമെഡൽ നേടി ഡോക്ടറേറ്റ് കരസ്ഥമാക്കി. നോബൽ സമ്മാനജേതാവായ മഹാകവി ടാഗോറിന്റെ ദാർശനികതയായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണവിഷയം. ടാഗോറിനെ പഠിച്ചതു വഴി ഭാരതത്തിന്റെ ആദ്ധ്യാത്മികതയുടെ ആഴങ്ങൾ മനസ്സിലാക്കാനുള്ള അവസരം അദ്ദേഹത്തിനുണ്ടായി. തുടർന്ന് ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര പ്രൊഫസറായി നിയമിക്കപ്പെട്ട അദ്ദേഹം 1964-ൽ ബൽജിയത്തുള്ള ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്നും പ്രശംസനീയമാംവണ്ണം പോസ്റ്റ് ഡോക്ടറേറ്റും കരസ്ഥമാക്കി. പത്തു കൊല്ലത്തോളം അദ്ദേഹം പ്രൊഫസറായി സേവനം ചെയ്തു.

1970 ജനുവരി 6-ന് അദ്ദേഹം എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവ് 1984-ൽ റിട്ടയർ ചെയ്തപ്പോൾ, മങ്കുഴിക്കരി പിതാവ് അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി. 1985-ൽ അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവ് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടപ്പോൾ മങ്കുഴിക്കരി പിതാവ് അദ്ദേഹത്തിന്റെ സഹായമെത്രാനായി. 1986-ൽ പുതുതായി രൂപീകരിക്കപ്പെട്ട താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെടുന്നതുവരെ 16 വർഷത്തോളം അദ്ദേഹം എറണാകുളം അതിരൂപതയിൽ സേവനം ചെയ്തു. 1994 ജൂൺ 11-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെടുന്നതുവരെ 8 വർഷക്കാലം താമരശ്ശേരി രൂപതയുടെ സമഗ്രവും സമ്പൂർണ്ണവുമായ വികസനത്തിനായി സ്തുത്യർഹമാംവിധം അജപാലനശുശ്രൂഷ നിർവഹിച്ചു.

സെമിനാരി പ്രൊഫസറായിരുന്നപ്പോൾ ഉണ്ടായിരുന്ന ശിഷ്യഗണം എന്നും ഹൃദയത്തിൽ സ്നേഹാദരവുകളോടെ സൂക്ഷിക്കുന്ന പേരാണ് മങ്കുഴിക്കരി പിതാവിന്റേത്. ഗഹനമായ വിഷയങ്ങൾപോലും വിദ്യാർത്ഥികൾക്ക് മനസ്സിലാകുന്ന രീതിയിൽ ലളിതമായും സരസമായും അവതരിപ്പിക്കാൻ അദ്ദേഹത്തിന് അനിതരസാധാരണമായ കഴിവുണ്ടായിരുന്നു. പണ്ഡിതനായ ഗുരു, ഉത്തമനായ ഒരു സ്നേഹിതൻ, വാത്സല്യനിധിയായ ഒരപ്പച്ചൻ എന്ന നിലകളിലെല്ലാം ശിഷ്യഗണം അദ്ദേഹത്തെ സ്നേഹിച്ചിരുന്നു, ആദരിച്ചിരുന്നു. തത്വശാസ്ത്ര വിഷയങ്ങളിൽ വച്ചുതന്നെ ഏറ്റവും ഗഹനമായ സത്താ ദർശനം (Metaphysics) കാവ്യാത്മകത കലർത്തി, ജീവിതാനുഭവങ്ങളുമായി സമന്വയിപ്പിച്ച്, തത്വശാസ്ത്രത്തിന്റെ ഉന്നതസോപാനങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ നയിച്ചുകൊണ്ട് പോകുന്ന ഈ പ്രൊഫസറെ ഇന്നും അത്ഭുതാദരങ്ങളോടെയാണ് ശിഷ്യഗണങ്ങൾ അനുസ്മരിക്കുന്നത്. വി. തോമസ് അക്വീനാസിന്റെ ധൈഷണിക പ്രഭാവവും, വി. അഗസ്തീനോസിന്റെ സ്നേഹവശ്യതയും വി. ജോൺ ക്രിസോസ്തോമിന്റെ പ്രഭാഷണചാതുര്യവും സമന്വയിക്കപ്പെട്ട അപൂർവ വ്യക്തിത്വമായിരുന്നു മങ്കുഴിക്കരി പിതാവിന്റേത്.

എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ എന്ന നിലയിൽ 16 വർഷക്കാലത്തെ അദ്ദേഹത്തിന്റെ സേവനം ഈ അതിരൂപതയുടെ ചരിത്രത്തിൽ ഒളിമങ്ങാതെ നിൽക്കുന്ന ഒരു കാലഘട്ടമാണ്. കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിനോടും, പിന്നീട് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനോടുമൊപ്പം എറണാകുളം അതിരൂപതയ്ക്ക് സമർത്ഥമായ ഭരണനേതൃത്വം നൽകുന്നതോടൊപ്പം കേരളത്തിന്റെ സാംസ്കാരിക വേദികളിൽ തിളങ്ങുന്ന ഒരു സാന്നിദ്ധ്യമായിരുന്നു മങ്കുഴിക്കരി പിതാവിന്റേത്. ഏതു വിഷയത്തെപ്പറ്റിയും സ്വതസിദ്ധമായ പ്രസംഗശൈലിയോടുംകൂടി ഇംഗ്ളീഷിലോ മലയാളത്തിലോ അയത്ന ലളിതമായി സംസാരിക്കാൻ കഴിയുന്ന അദ്ദേഹം സാംസ്കാരിക വേദികളിൽ പ്രിയങ്കരനായി മാറി. അതോടൊപ്പം അനീതിയുടെയും ആർഭാടത്തിന്റെയും അമിതാഘോഷങ്ങളുടെയും വേലിയേറ്റങ്ങൾ കണ്ടാൽ നിർദ്ദാക്ഷിണ്യം ശകാരിക്കാനും, ധീരതയോടെ പ്രതികരിക്കാനും തിരുത്തുവാനും കഴിയുന്ന പ്രവാചകശബ്ദവും കൂടിയായിരുന്നു അദ്ദേഹം. വിട പറഞ്ഞിട്ട് നാളേറെയായെങ്കിലും ഇന്നും അദ്ദേഹത്തെ ഹൃദയത്തിൽ വച്ച് ആദരവിന്റെ പൂമാലകൾ അർപ്പിക്കുന്ന ഒട്ടേറെ പേരുണ്ട് എറണാകുളത്തും പരിസരങ്ങളിലും.

നവജാത താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ എന്ന നിലയിൽ ബാലാരിഷ്ടതകളിൽ ആ രൂപതയെ കൈപിടിച്ചു നടത്തുവാനുള്ള ത്യാഗപൂർണ്ണമായ ദൗത്യമാണ് അദ്ദേഹത്തിന് നിർവഹിക്കാൻ ഉണ്ടായത്. എന്നാൽ, കുറഞ്ഞൊരു കാലംകൊണ്ട് ഒരു രൂപതയ്ക്ക് വേണ്ട എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുകയും കേരളത്തിന്റെ മറ്റേതൊരു രൂപതയോടും ഒപ്പം നിൽക്കാൻ കെൽപ്പുള്ള ഒന്നാക്കി അതിനെ മാറ്റുകയും ചെയ്തു എന്നുള്ളതാണ് അദ്ദേഹത്തിന്റെ നേട്ടം. ഒരു ചെറിയ ഓടിട്ട വീട്ടിൽ താമസിച്ചുകൊണ്ട് രൂപതാഭരണം തുടങ്ങിയ അദ്ദേഹം ചെറിയ കാലയളവിനുള്ളിൽ രൂപതാമന്ദിരം, സെമിനാരി, പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, വൈദിക മന്ദിരം, ബഥാനിയ ധ്യാനകേന്ദ്രം, മതബോധനകേന്ദ്രം, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, അനാഥാലയങ്ങൾ എന്നിങ്ങനെ ആരെയും വിസ്മയിപ്പിക്കത്തക്കവണ്ണം ഒട്ടേറെ കാര്യങ്ങൾ പൂർത്തിയാക്കി. കൂടാതെ, കോൺവെന്റുകൾ, ഭക്തസംഘടനകൾ, സോഷ്യൽ സർവീസ് സെന്റർ, ട്രൈബ്യൂണലുകൾ തുടങ്ങി രൂപതയെ സ്വയംപര്യാപ്തമാക്കാൻ ആവശ്യമായതെല്ലാം അദ്ദേഹം ചെയ്തു.

താമരശ്ശേരി രൂപതയിലെ അദ്ദേഹത്തിന്റെ ഭരണകാലം ഏറ്റവും അധികം ഓർമ്മിക്കപ്പെടുന്നത് ജാതിമതഭേദമില്ലാതെ എല്ലാവരിലേയ്ക്കും ഒരു പോലെ ഇറങ്ങി ചെല്ലാൻ അദ്ദേഹം കാണിച്ച ആർജ്ജവത്തിന്റെ പേരിലാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും തങ്ങളുടെയും കൂടി പിതാവായി അദ്ദേഹത്തെ പരിഗണിച്ചിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മൃതസംസ്കാരവേളയിൽ പങ്കെടുത്തവരിലേറെയും ഇതരമതസ്ഥരായിരുന്നു.

കഴിവുറ്റ വാഗ്മി, പ്രഗത്ഭനായ ചിന്തകൻ, അനുഗ്രഹീതനായ സാഹിത്യകാരൻ, ബഹുമുഖപ്രതിഭ, വിനയാന്വിതമായ ജീവിതത്തിനുടമ, കാര്യപ്രാപ്തിയുള്ള ഭരണാധികാരി എന്നീ നിലകളിലെല്ലാം സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞയാളാണ് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ്.

ജീവിച്ചിരുന്ന കാലത്ത് ഒരു വൈദികൻ എന്ന നിലയിലും, മെത്രാൻ എന്ന നിലയിലും, കേരളത്തിൽ അങ്ങോളം ഇങ്ങോളം മുഴങ്ങികേട്ട ഒരു ഘനഗംഭീരശബ്ദമായിരുന്നു മങ്കുഴിക്കരി പിതാവ്. അത് സനാതനമൂല്യങ്ങളുടെ ഉണർത്തുപാട്ടും സങ്കുചിത മനോഭാവങ്ങൾക്കെതിരെയുള്ള ചാട്ടവാറടിയും അനീതിക്കെതിരെയുള്ള പ്രവാചക ശബ്ദവുമായിരുന്നു. മണിക്കൂറുകളോളം സദസ്യരെ പിടിച്ചിരുത്തുകയും, ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും ചെയ്യാൻ കഴിഞ്ഞിരുന്ന ഒരപൂർവ്വ വാഗ്മി, വിനയാന്വിതമായ പെരുമാറ്റം കൊണ്ടും ആത്മാർത്ഥമായ ഇടപെടലുകൊണ്ടും ഹൃദ്യമായ സംഭാഷണ ശൈലി കൊണ്ടും ആരെയും പെട്ടെന്ന് ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കേരളസഭയുടെ ചക്രവാളത്തിൽ അപൂർവ്വ സൗന്ദര്യത്തോടെ വിരിഞ്ഞ ഈ തേജോഗോളം ഇനിയും അനേകായിരങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശം ചൊരിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, ആ പാവനാത്മാവിന് നിത്യശാന്തി നേർന്നു കൊണ്ടും,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**
എറണാകുളം-അങ്കമാലി അതിരൂപതാ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

.............................................

N.B: ഈ സർക്കുലർ **2019 ജൂൺ** 2-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.